# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6315

08.07.2014-ൽ മറുപടിയ്ക്ക്

## ബ്ലേഡ് സംഘങ്ങളും കൊള്ളപ്പലിശക്കാരും സാമൂഹ്യജീവിതത്തിൽ ഉയർത്തിക്കൊണ്ടിരിക്കുന്ന ഭീഷണി

**ചോദ്യം**

ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.സി.കെ.സദാശിവൻ
ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

(എ) സാമൂഹ്യജീവിതത്തിൽ ബ്ലേഡ് സംഘങ്ങളും കൊള്ളപ്പലിശക്കാരും ഉയർത്തിക്കൊണ്ടിരിക്കുന്ന ഭീഷണിക്കെതിരെ ഫലപ്രദമായ പോലീസ് നടപടി ഉറപ്പാക്കാമോ; പോലീസ് നടത്തുന്ന റെയ്ഡുകൾക്ക് ശേഷവും പൂർവ്വാധികം ശക്തിയോടെ പ്രസ്തുത മാഫിയകൾ രംഗത്ത് വന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബ്ലേഡ് സംഘങ്ങളേയും കൊള്ളപ്പലിശക്കാരെയും പേടിച്ച് കഴിയുന്ന നിരവധി കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കടക്കെണിയിലായവർ ആത്മഹത്യ ചെയ്യേണ്ടിവരുന്ന സാഹചര്യം ഇല്ലാതാക്കാൻ ബ്ലേഡ് കമ്പനികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും മുദ്രപ്പത്രങ്ങളും ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. ഇവർ പൂർവ്വാധികം ശക്തിയോടെ തിരികെ വന്നിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബ്ലേഡ് കമ്പനികളുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ റെയ്ഡുകൾ നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്ത് നിയമത്തിനു മുന്നിൽ കൊണ്ടുവരികയും പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം

മാഫിയകൾക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. മേൽ നടപടികളിലൂടെ ബ്ലേഡ് കമ്പനികളുടെ പ്രവർത്തനത്തിന് ഒരു പരിധിവരെ നിയന്ത്രണം ഏർപ്പെടുത്തുവാനും പൊതുജനങ്ങൾക്ക് ഭീതി കൂടാതെ പരാതികൾ സമർപ്പിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ